കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2011-12 വർഷത്തിൽ അറവുശാല നിർമ്മാണത്തിന് 2515-00-800-92 (**Plan**) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതും പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുകയിൽ നിന്നും പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് 16,27,875/- (പതിനാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച്) രൂപയും ഇടുക്കി ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് 19,85,435/- (പത്തൊമ്പത് ലക്ഷത്തി എൺപത്തയ്യായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച്) രൂപയും മുൻകൂറായി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3319/14/തസ്വഭവ തിരുവനന്തപുരം, തീയതി : 15.12.2014.

---

പരാമർശം - 1.31.03.2012 -ലെ സ.ഉ.(സാധാ)നം.1038/12/തസ്വഭവ.

2. ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/09/2014 - ലെ എ 3-4662/10 നമ്പർ കത്ത്.

3. ചക്കുപള്ളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01/10/14 -ലെ കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 20.10.14- ലെ കെ- 36726/14, കെ- 38467/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അറവുശാല സ്ഥാപിക്കുന്നതിന് 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ 2515-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,00,00,000/- (അഞ്ച് കോടി) രൂപ തെരഞ്ഞെടുത്ത 25 ഗ്രാമപ്ഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ഇതു പ്രകാരം തെരഞ്ഞെടുത്ത 25 ഗ്രാമപ്ഞ്ചായത്തുകളിൽ ഉൾപ്പെട്ട പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് അറവുശാല നിർമ്മാണത്തിന് 2011-12 വർഷത്തിൽ 2515-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള

20,00,000/-(ഇരുപത് ലക്ഷം )രൂപയിൽ അറവുശാല നിർമ്മാണത്തോടനുബന്ധിച്ചുള്ള ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനു മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും 16,27,875/- (പതിനാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച്) രൂപയും പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്ന് മുൻ കൂറായി അനുവദിക്കണമെന്ന് ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരവും ഇടുക്കി ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് 2011-12 വർഷത്തിൽ 2515-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ അറവുശാല നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അറവുശാല നിർമ്മാണത്തിനോടനുബന്ധിച്ചുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി -യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് 4,64,236/- (നാല് ലക്ഷത്തി അറുപത്തിനാലായിരത്തി ഇരുനൂറ്റി മുപ്പത്താറ്)രൂപയും ജനറേറ്ററും, അറവുശാലയുടെ ആവശ്യത്തിന് ഗൺ വാങ്ങുന്നതിനും 4,11,055/- (നാല് ലക്ഷത്തി പതിനൊന്നായിരത്തി അമ്പത്തഞ്ച്) രൂപയും മെഷിനറികൾ വാങ്ങുന്നതിന് 11,10,144 /-(പതിനൊന്ന് ലക്ഷത്തി പതിനായിരത്തി ഒരുനൂറ്റി നാല്പത്തിനാല്) രൂപയും ഉൾപ്പെടെ 19,85,435 (പത്തൊമ്പത് ലക്ഷത്തി എൺപത്തയ്യായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച്) രൂപയും പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും മുൻകൂറായി അനുവദിക്കണമെന്ന് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (3) പ്രകാരവും സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും യഥാക്രമം പരാമർശം (2), (3) പ്രകാരമുള്ള അപേക്ഷകളിലെ ആവശ്യം പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് അറവുശാല നിർമ്മാണത്തിന് 2011-12 വർഷത്തിൽ 2515-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20,00,000/- (ഇരുപത് ലക്ഷം )രൂപയിൽ നിന്നും 16,27,875/- (പതിനാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച്) രൂപ അറവുശാല നിർമ്മാണത്തോടനുബന്ധിച്ചുള്ള ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനു മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ഇടുക്കി

ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് 2011-12 വർഷത്തിൽ 2515-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ അറവുശാല നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അറവുശാല നിർമ്മാണത്തിനോടനുബന്ധിച്ചുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി -യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് 4,64,236/- (നാല് ലക്ഷത്തി അറുപത്തിനാലായിരത്തി ഇരുനൂറ്റി മുപ്പത്താറ്)രൂപയും ജനറേറ്ററും, അറവുശാലയുടെ ആവശ്യത്തിന് ഗൺ വാങ്ങുന്നതിന് 4,11,055/- (നാല് ലക്ഷത്തി പതിനൊന്നായിരത്തി അമ്പത്തഞ്ച്) രൂപയും മെഷിനറികൾ വാങ്ങുന്നതിന് 11,10,144/- (പതിനൊന്ന് ലക്ഷത്തി പതിനായിരത്തി ഒരു നൂറ്റി നാല്പത്തിനാല്) രുപയും ഉൾപ്പെടെ 19,85,435 (പത്തൊമ്പത് ലക്ഷത്തി എൺപത്തയ്യായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച്) രൂപയും പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും മുൻകൂറായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ഓമല്ലൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.
സെക്രട്ടറി,ചക്കുപള്ളം ഗ്രാമപഞ്ചായത്ത്, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ